കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. അവിടെ ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കും അനുമതി നൽകുകയും ആയതിനുള്ള എല്ലാ സജ്ജീകരണങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് അവയവങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

പൾസ് പോളിയോ

24(722) <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് പോളിയോ പ്രതിരോധ മരുന്ന് വിദേശ രാജ്യങ്ങളിൽ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരുന്ന് കേരളത്തിൽ ഇപ്പോഴും നൽകുന്നതിന്റെ ശാസ്ത്രീയ അടിത്തറ വിശദമാക്കുമോ;

(സി) ഈ മരുന്ന് ഒരു പ്രാവശ്യം നൽകുന്നതിന്റെ ചെലവ് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ സമയങ്ങളിലാണ് ഈ മരുന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൾസ് പോളിയോ പ്രതിരോധ മരുന്നായ ഓറൽ പോളിയോ വാക്സിൻ (ഒ.പി.വി.) 156 രാജ്യങ്ങളിൽ ഇപ്പോഴും നൽകിവരുന്നു. 47 രാജ്യങ്ങളിൽ ഒ.പി.വി. ഉപയോഗിക്കുന്നില്ല.

അമേരിക്കയിൽ തുടർച്ചയായി 20 വർഷം ഒ.പി.വി. തുള്ളിമരുന്ന് നൽകി പൂർണ്ണമായും പോളിയോ നിർമ്മാർജ്ജനം നടത്തിയശേഷം ഇപ്പോൾ ഇൻജക്ടബിൾ പോളിയോ വാക്സിൻ ഉപയോഗിക്കുന്നു. കൂടാതെ അവിടെ പോളിയോ വൈറസ് പകർച്ചയും (ട്രാൻസ്മിഷൻ) ഇല്ല.

(ബി) കേരളത്തിൽ റൊട്ടിൻ ഇമ്മ്യൂണൈസേഷൻ കവറേജ് ഇപ്പോഴും 83% മാത്രമാണ്. ഇന്ത്യയിൽ ഇത് 65% ആണ്. അയൽ രാജ്യങ്ങളായ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോഴും പോളിയോ വൈറസ് പകർച്ച (ട്രാൻസ്മിഷൻ) നടക്കുന്നുണ്ട്. ആ രാജ്യങ്ങളിൽനിന്നും ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

ആൾക്കാർ ടൂറിസം, ബിസിനസ്സ് തുടങ്ങിയ ആവശ്യങ്ങൾക്കായി അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനാൽ പോളിയോ വൈറസ് ട്രാൻസ്മിഷൻ സാദ്ധ്യതയുണ്ടാകുന്നു. മേൽപ്പറഞ്ഞ രണ്ട് അയൽരാജ്യങ്ങളും പൂർണ്ണമായും പോളിയോ വിമുക്തമാകുന്നതുവരെ നമ്മുടെ രാജ്യത്ത് പൾസ് പോളിയോ പ്രതിരോധ മരുന്ന് തുടരേണ്ടിവരും.

(സി) പൾസ് പോളിയോ പ്രതിരോധ മരുന്ന് പൂർണ്ണമായും ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തുന്ന പരിപാടിയായതിനാൽ ഇതിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നു.

(ഡി) ദേശീയ പ്രതിരോധ കുത്തിവയ്പ് പദ്ധതിയിലൂടെ ജനിച്ചയുടൻ മുതൽ 5 വയസ്സുവരെയുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി 5 ഡോസ് പോളിയോ തുള്ളിമരുന്നും ദേശീയ പ്രതിരോധ കുത്തിവയ്പ് ദിനങ്ങളിൽ (NID - National Immunization Days) വർഷത്തിൽ രണ്ട് തവണയും പോളിയോ തുള്ളിമരുന്ന് നൽകിവരുന്നു. കൂടാതെ അന്താരാഷ്ട്രീയ യാത്ര (International travel) നടത്തുമ്പോൾ ഒരു ഡോസ് പോളിയോ തുള്ളിമരുന്ന് പ്രായഭേദമെന്യേ എല്ലാവർക്കും നൽകിവരുന്നു.

പോളിയോ തുള്ളിമരുന്ന് നൽകുന്ന സമയങ്ങൾ

ജനിച്ചയുടൻ	-	0 ഡോസ് ഒ.പി.വി.
6 ആഴ്ച		ഒന്നാം ഡോസ് ഒ.പി.വി.
10 ആഴ്ച	-	രണ്ടാം ഡോസ് ഒ.പി.വി.
14 ആഴ്ച	-	മൂന്നാം ഡോസ് ഒ.പി.വി.
1 1/2 വയസ്സ്	-	നാലാം ഡോസ് ഒ.പി.വി.

കൊതുക് നശീകരണ സംവിധാനങ്ങൾ

25 (723) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ നേരിടുന്നതിന്റെ ഭാഗമായി കൊതുക് ഉറവിട നശീകരണത്തിന് ഗൗരവപൂർവ്വമായ പദ്ധതികൾ നടത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) കൊതുകുജന്യ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ക്രിയാത്മകവും, ഫലപ്രദവുമായി സംഘടിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയല്ലേ;

(സി) ഓരോ പ്രദേശത്തിനുമിണങ്ങുന്നതും പാർശ്വഫലങ്ങൾ ഉണ്ടാകാത്തതുമായ രീതിയിൽ കൊതുക് നശീകരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly